LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് സ.ഉ.(പി) നമ്പർ69/14/പൊ.വി.വ. തീയതി 28-4-2014 പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിനായി സ.ഉ.(പി) നമ്പർ259/14/പൊ.വി.വ. തീയതി 2-12-2014 പ്രകാരം മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) അപേക്ഷ ക്ഷണിച്ചിരുന്നില്ല.

(ഇ) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന 100 കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതാണ്. മാനദണ്ഡങ്ങൾ പ്രകാരം സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ്) സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.

(ജി) യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ള ഉത്തരവുകൾ നിലവിലില്ല. സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ പരിഗണനാവിഷയത്തിൽ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്.

വൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിഗണന

80 (1116) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ എത്ര ശതമാനം വൈകല്യമുള്ള വിദ്യാർത്ഥികൾക്കാണ് പ്രത്യേക പരിഗണനയ്ക്കർഹതയുള്ളതെന്ന് വ്യക്തമാക്കുമോ ; കഴിഞ്ഞ അദ്ധ്യയന വർഷത്തെ ശതമാനത്തേക്കാൾ ഇപ്പോൾ ഇതിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിലും ഇങ്ങനെ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പരീക്ഷ അടുത്തിരിക്കുന്ന സമയത്തുണ്ടായ ഇത്തരം മാറ്റം ആയിരക്കണക്കിന് വിദ്യാർത്ഥികളെ

ബാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സാഹചര്യത്തിൽ വൈകല്യ ശതമാനത്തിൽ വർദ്ധനവ് വരുത്തിയുള്ള ഉത്തരവ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

14-1-2015-ലെ സ.ഉ.(കൈ) നമ്പർ 11/2015/പൊ.വി.വ. പ്രകാരം 50 ശതമാനമോ അതിനുമുകളിലോ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പരീക്ഷയിൽ പ്രത്യേക പരിഗണന നൽകി ഉത്തരവായിരുന്നു. എന്നാൽ 6-3-2015-ലെ സ.ഉ. (കൈ) നമ്പർ 65/2015/പൊ.വി.വ. പ്രകാരം മേൽപ്പടി വൈകല്യത്തിന്റെ തോത് 40 ശതമാനമോ അതിലധികമോ ആയി കുറച്ചിട്ടുണ്ട്. ഹൈസ്കൂൾ, വി.എച്ച്.എസ്. ഇ. വിഭാഗങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥികളെ ഈ വിഷയം പ്രതികൂലമായി ബാധിക്കുന്നില്ല. പ്രസ്തുത മാറ്റം മുഖേന കൂടുതൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുകയാണുണ്ടായത്.

സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

81 (1117) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷം ഒട്ടേറെ സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ഹെഡ്മാസ്റ്റർ റൂമുകൾ, അഡീഷണൽ ക്ലാസ് റൂമുകൾ, പുതിയ സ്കൂൾ കെട്ടിടം, മേജർ റിപ്പയർ കോമ്പൗണ്ട് വാൾ, കുടിവെള്ള സൗകര്യം, ടോയ്ലറ്റുകളുടെ നിർമ്മാണം, ഡിസ് ഫങ്ഷണൽ ടോയ്ലറ്റുകളുടെ റിപ്പയറുകൾ, അഡാപ്റ്റഡ് ടോയ്ലറ്റുകൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. ഫണ്ടിൽനിന്നും സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ അഞ്ച് വർഷവും സ്കൂൾ ഒന്നിന് 25,000 രൂപ വീതവും സ്കൂൾ ഗ്രാന്റായി 50,000 രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly